"ഭരണഭാഷ-മാതൃഭാഷ"

No. DWCD/6554/2023-ICPS 5

വനിത ശിശുവികസന ഡയറക്ടറേറ്റ്,
സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 11-03-2025
E-Mail: icpskerala@gmail.com
Phone No.0471-2342235

## പരിപത്രം

വിഷയം:- വനിത ശിശുവികസന വകുപ്പ് - സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി - കരാർ ജീവനക്കാരുടെ അവധി സംബന്ധിച്ച്:-

സൂചന:-
1. 14/09/2021 തീയതിയിലെ ഐസിപിഎസ് 5/28116/2016 നം സർക്കുലർ
2. സ.ഉ(പി) നം 271/11/ധന തീയതി 27/06/2011
3. സ.ഉ(പി) നം 02/2021/ധന തീയതി 04/01/2021
4. 27/07/2023 ലെ സ.ഉ.(പി) നം79/2023/ധന
5 സർക്കാരിന്റെ 27/02/2024 ലെ WCD-C1/78/2024-WCD നം കത്ത്

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഐ.സി.പി.എസ് ലെ വിവിധ ഘടകങ്ങളിലെ കരാർ ജീവനക്കാരുടെ അവധികൾ സംബന്ധിച്ച് സൂചന (1 ) പ്രകാരമുള്ള സർക്കുലർ പുറപ്പെടുവിച്ചിരുന്നു. അവധികൾ K S R പ്രകാരമാകണമെന്നതിനാൽ നിലവിൽ സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റിയുടെ വിവിധ ഘടകങ്ങളിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർക്ക് അർഹതയുള്ള അവധികൾ സംബന്ധിച്ച് സൂചന 5 സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ സർക്കുലർ പുറപ്പെടുവിക്കുന്നു.

### 1. ആകസ്മികാവധി (Casual Leave)

കരാർ ജീവനക്കാർക്ക് മാസത്തിൽ ഒന്ന് എന്ന കണക്കിൽ ഒരു കലണ്ടർ വർഷ കാലയളവിൽ പരമാവധി 12 ദിവസത്തെ കാഷ്വൽ ലീവിന് സൂചന (2) പ്രകാരം അർഹതയുണ്ട്. ആകസ്മിക അവധി പൊതു അവധികളോടൊപ്പം ചേർത്ത് എടുക്കാവുന്നതും അപ്രകാരം എടുക്കുമ്പോൾ ആകെ ഡ്യൂട്ടിയിൽ നിന്നും വിട്ടുനിൽക്കുന്ന കാലയളവ് 7 ദിവസത്തിൽ കൂടാൻ പാടില്ലാത്തതുമാണ്.

### 2. പ്രസവാവധി (Maternity Leave), Miscarriage/ Abortion Leave

കരാർ വ്യവസ്ഥയിൽ നിയമിതരാകുന്ന വനിത ഉദ്യോഗസ്ഥർക്ക് മെഡിക്കൽ ഓഫീസർ നൽകുന്ന സാക്ഷ്യപ്രതം പ്രകാരം അവരുടെ പ്രസവം നടക്കാൻ ഇടയുള്ള ദിവസത്തിന് മൂന്ന് ആഴ്ചകൾക്ക് മുൻപുള്ള തീയതി മുതൽ അവധി അനുവദനീയമാണെന്ന വ്യവസ്ഥയിൽ, , 180 ദിവസത്തേക്കോ കരാർകാലാവധി അവസാനിക്കുന്നത് വരെയോ ഏതാണോ ആദ്യം എന്ന വ്യവസ്ഥയിൽ, KSR ഭാഗം 1, ചട്ടം 100 പ്രകാരം പൂർണ്ണ ശമ്പളത്തോടെ പ്രസവാവധി ആനുകൂല്യങ്ങൾക്ക് സൂചന (3) പ്രകാരം അർഹതയുണ്ട്.

കരാർ വ്യവസ്ഥയിൽ നിയമിതരാകുന്ന വനിത ഉദ്യോഗസ്ഥർക്ക് മെഡിക്കൽ ഓഫീസർ നൽകുന്ന സാക്ഷ്യപ്രതം പ്രകാരം 42 ദിവസത്തേക്കോ കരാർകാലാവധി അവസാനിക്കുന്നത് വരെയോ ഏതാണോ ആദ്യം എന്ന വ്യവസ്ഥയിൽ, KSR ഭാഗം 1, ചട്ടം 100 പ്രകാരം പൂർണ്ണ ശമ്പളത്തോടെ

Miscarriage/ Abortion Leave ആനുകൂല്യങ്ങൾക്ക് സൂചന (3) പ്രകാരം അർഹതയുണ്ട്.

പ്രസവം നടക്കാൻ ഇടയുള്ള തീയതിയ്ക്കോ Miscarriage/ Abortion സംഭവിക്കുന്ന തീയതിയ്ക്കോ തൊട്ടു മുമ്പ് തൊഴിലുടമയുടെ കീഴിൽ കുറഞ്ഞത് 80 ദിവസമെങ്കിലും ജോലി ചെയ്തിട്ടില്ലാത്ത ഉദ്യോഗസ്ഥർക്ക് മേൽ ആനുകൂല്യങ്ങൾക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല.

3. **<u>ആർജ്ജിതാവധി (Earned Leave)</u>**

a. കരാർ കാലാവധി ഒരു വർഷമോ അതിൽ കുറവോ ആയിരുന്നാൽ, ജോലി ചെയ്യുന്ന ദിവസങ്ങൾ ക്ക് 1/11 എന്ന നിരക്കിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പരമാവധി 15 ദിവസത്തെ ആർജ്ജിതാവധിക്ക് അർഹതയുണ്ട്. (KSR Appendix VIII Clause 1) ആയത് ലീവായോ ലീവ് സറണ്ടർ ആയോ അനുവദിക്കാവുന്നതാണ്.
b. കരാർ കാലാവധി ഒരു വർഷത്തിൽ കൂടുതലും എന്നാൽ അഞ്ചു വർഷത്തിൽ കുറവും ആയിരുന്നാൽ അനുവദിക്കാവുന്ന ആർജ്ജിതാവധി ജോലി ചെയ്യുന്ന ദീവസത്തിന് 1/11 എന്ന നിരക്കിൽ ഒരു വർഷത്തിൽ പരമാവധി 15 ദിവസം ആയിരിക്കുന്നതും അത്തരം ആർജ്ജിതാവധി സമാഹരിച്ച് പരമാവധി 2 മാസം വരെ അനുവദിക്കാവുന്നതുമാണ്. (KSR Appendix VII Clause 2)

4. **<u>അർദ്ധ വേതനാവധി (Half Pay Leave)</u>**

a. കരാർ കാലാവധി ഒരു വർഷമോ അതിൽ കുറവോ ആയ കരാർ ജീവനക്കാർക്ക് ആർജ്ജിതാവധി ഉപയോഗിച്ച് തീരുകയാണെങ്കിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 15 ദിവസത്തെ അർദ്ധ വേതനാവധി അനുവദിക്കാവുന്നതാണ് എന്നാൽ കരാർ കാലയളവിനുള്ളിൽ ആകെ ആർജ്ജിതാവധിയും അർദ്ധവേതനാവധിയും കൂടി 30 ദിവസത്തിൽ കവിയാൻ പാടുള്ളതല്ല.(KSR Appendix VIII Clause 1)
b. കരാർ കാലാവധി ഒരു വർഷത്തിൽ കൂടുതലോ അഞ്ചു വർഷത്തിൽ കുറവോ ആയിരുന്നാൽ അനുവദനീയമായ ആർജിതാവധിക്ക് പുറമെ ആകെ കരാർ കാലയളവിനുള്ളിൽ പരമാവധി രണ്ട് മാസത്തെ അർദ്ധ വേതന അവധി മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അനുവദിക്കാവുന്നതാണ് (KSR Appendix VII Clause 3)

5. **<u>ശൂന്യവേതനാവധി ( LWA)</u>**

a. കരാർ കാലയളവ് ഒരു വർഷമോ അതിൽ കുറവോ ഉള്ളവർക്ക് ശൂന്യവേതനാവധിക്ക് അർഹതയില്ലാത്തതാണ്.
b. കരാർ കാലയളവ് ഒരു വർഷത്തിൽ കൂടുതലോ അഞ്ചു വർഷത്തിൽ കുറവോ ആയിരുന്നാൽ, ആർജ്ജിത അവധിക്കും അർദ്ധവേതന അവധിക്കും പുറമെ, പ്രത്യേക സാഹചര്യങ്ങളിൽ, മറ്റൊരു അവധിയും ലഭ്യമല്ലാത്ത സാഹചര്യങ്ങളിൽ പരമാവധി മൂന്നു മാസം വരെ ശൂന്യവേതനാവധി നൽകാവുന്നതാണ്. (KSR Appendix VIII Clause 2)

കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന താൽക്കാലിക ജീവനക്കാർക്ക് കെ.എസ് ആർ. ഭാഗം ഒന്ന്, അനുബന്ധം VIII ലെ വ്യവസ്ഥകൾ പ്രകാരം പിതൃത്വാവധി അനുവദനീയമല്ല.

സർക്കാർ ഏർപ്പെടുത്തുന്ന പൊതുനിയന്ത്രണങ്ങൾക്കും ക്രെഡിറ്റിലെ അവധി ലഭ്യതക്കും വിധേയമായി കരാർ ജീവനക്കാർക്ക് ആർജിത അവധിയുടെ വാർഷിക സറണ്ടറും കരാർ അവസാനിക്കുന്ന മുറക്ക്

ടെർമിനൽ സറണ്ടറും അനുവദനീയമാണ്.

വ്യവസ്ഥകൾ

- പ്രസവാവധി, ശൂന്യവേതന അവധി എന്നിവ എടുക്കുന്ന ജീവനക്കാരിൽ നിന്നും ബന്ധപ്പെട്ട മേലധികാരികൾ ഒരു അഫിഡവിറ്റ് എഴുതി വാങ്ങിക്കേണ്ടതും അവധി അനുവദിക്കുന്ന ഉത്തരവിൽ ആയത് രേഖപ്പെടുത്തേണ്ടതുമാണ്.
- ശൂന്യവേതനാവധി അപേക്ഷ നിരസിക്കുന്നതിനുള്ള അധികാരം ആയതിന് അധികാരപ്പെട്ട ഉദ്യോഗസ്ഥന് ഉണ്ടായിരിക്കുന്നതാണ്.
- മേൽപ്പറഞ്ഞ ജീവനക്കാർക്ക് മേൽ പരാമർശിച്ച അവധികൾ അല്ലാതെ മറ്റു യാതൊരു അവധികൾക്കും അർഹതയുണ്ടായിരിക്കുന്നതല്ല.
- കാഷ്വൽ ലീവ്, ആർജ്ജിതാവധി ഒഴികെയുള്ള അർഹതയുള്ള മറ്റു അവധികൾ അനുവദിക്കുന്നതിന് അവധി ആവശ്യപ്പെടുന്ന ജീവനക്കാരുടെ അപേക്ഷയും(FORM 13) അനുബന്ധ രേഖകളും (ഒറിജിനൽ മെഡിക്കൽ സർട്ടിഫിക്കറ്റ് , നിയമന ഉത്തരവിന്റെ പകർപ്പ്, സേവനകാലാവധി ദീർഘിപ്പിച്ച ഉത്തരവുകളുടെ പകർപ്പുകൾ, നാളിതു വരെ ഏർപ്പെട്ട കരാറുകളുടെ പകർപ്പുകൾ തുടങ്ങിയവ) മുൻകൂട്ടി അതതു ഓഫീസ് മേലധികാരിയുടെ ശുപാർശയോടു കൂടി ബന്ധപ്പെട്ട ജില്ലാ ശിശു സംരക്ഷണ ഓഫീസർ മുഖാന്തിരം അനുമതിക്കായി ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്.
- വകുപ്പു മേലധികാരിയുടെ ഓഫീസിൽ നിന്നുള്ള ഉത്തരവ് ലഭിച്ചതിനുശേഷം മാത്രമേ അവധി ദിനങ്ങളിലെ ശമ്പളം ക്ലെയിം ചെയ്യാൻ പാടുള്ളു.
- കാഷ്വൽ ലീവ് ഒഴികെയുള്ള മറ്റു ലീവ് സംബന്ധിച്ച വിവരങ്ങൾ ജീവനക്കാരുടെ സർവീസ് സംബന്ധിച്ച രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ കർശനമായും നടപ്പിലാക്കുന്നുണ്ടെന്ന് അതത് ഓഫീസ് മേലധികാരികൾ ഉറപ്പുവരുത്തേണ്ടതാണ്

HARITHA V KUMAR

വനിത ശിശു വികസന ഡയറക്ടർ

എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്കും

എല്ലാ ജെ ജെ സ്ഥാപന സൂപ്രണ്ടുമാർക്കും

എസ് സി പി എസിനു കീഴിലുള്ള എല്ലാ കരാർ ജീവനക്കാർക്കും

പകർപ്പ്:

1) ഐസിപിഎസ് 4,10,13
2) സ്റ്റോക്ക് ഫയൽ

അംഗീകാരത്തോടെ,

[signature]

സൂപ്രണ്ട്

എസ്‌സിപിഎസ്.